**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1950** **12-09-2023 - ൽ മറുപടിയ്ക്ക്**

**ദീർഘദൂര ടാക്സി ഡ്രൈവർമാർക്ക് വിശ്രമ സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ദിവസങ്ങൾ നീണ്ട യാത്രകളിൽ ഏർപ്പെടുന്ന ടാക്സി ഡ്രൈവർമാർക്ക് ശരിയായ വിശ്രമ സൗകര്യങ്ങൾ സംസ്ഥാനത്ത് ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ബി) | മതിയായ വിശ്രമമില്ലാതെ ഡ്രൈവ് ചെയ്യേണ്ടി വരുന്നതിനാൽ ഡ്രൈവർമാർക്ക് ആരോഗ്യപ്രശ്നങ്ങളും വാഹനങ്ങൾക്ക് അപകടങ്ങളും ഉണ്ടാകാൻ സാധ്യതയുള്ളതായി കരുതുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സാദ്ധ്യതയുണ്ട്. വിശ്രമമില്ലാതെ ദീർഘദൂരം ഡ്രൈവ് ചെയ്യേണ്ടി വരുന്ന ഡ്രൈവർമാർക്ക് മതിയായ വിശ്രമം ലഭ്യമാകേണ്ടതുണ്ട്. |
| (സി) | ടൂറിസ്റ്റ് കേന്ദ്രങ്ങളിലും മറ്റ് പ്രധാന കേന്ദ്രങ്ങളിലും ദീർഘദൂര ടാക്സി ഡ്രൈവർമാർക്കായി കുടിവെള്ളം, ശുചിമുറി, വിശ്രമസൗകര്യം എന്നിവ ഒരുക്കുന്നതിന് ഗതാഗത വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ഇത്തരം നടപടികൾ സ്വീകരിക്കുന്നതിനെപ്പറ്റി നിലവിൽ ആലോചിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ